# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം — 07.3.2018 ലെ മറുപടിയ്ക്ക്

നം. 1563

**സുസ്ഥിര വികസന ലക്ഷ്യങ്ങൾ**

ചോദ്യം

ശ്രീ. കെ. ദാസൻ

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

(എ) സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals) കൈവരിക്കുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട് എന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ) ഉണ്ട്.

(ബി) കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ ഈ ലക്ഷ്യങ്ങൾ കൈവരിച്ചു എന്ന് ഉറപ്പാക്കാനായി വികസിപ്പിച്ച സൂചികകൾക്കനുസൃതമായാണ് നടപ്പിലാക്കുന്നത് എന്ന് ഉറപ്പു വരുത്തുവാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് നാളിതുവരെ ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ?

(ബി) 2030 - ൽ എല്ലാ രാജ്യങ്ങളിലും വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Dvelopment Goals) എന്ന പദ്ധതിക്ക് ഭാരത സർക്കാരിന്റെ നീതി ആയോഗും സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയവും ചേർന്ന് ദേശീയ തലത്തിൽ ഒരു ചട്ടക്കൂട് രൂപകല്പന ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളിൽ സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. കേരള സംസ്ഥാനത്തിൽ ഇതിലേയ്ക്കായി ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പിനെ നോഡൽ വകുപ്പായും വകുപ്പ് ഡയറക്ടറെ നോഡൽ ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതുമായി

ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള State Level Steering Committee യും, സംസ്ഥാന ആസൂത്രണ ബോർഡ്, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, ഡയറക്ടർ കില, സെൻസസ് ഡയറക്ടറേറ്റ് തുടങ്ങിയ വിവിധ സാങ്കേതിക വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്ലാനിംഗ് സെക്രട്ടറി അദ്ധ്യക്ഷയായി Sustainable Dvelopment Goals മോണിറ്ററിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സി.പി.എം.യു വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ മേൽനോട്ടത്തിൽ നാല് റിസർച്ച് അസോസിയേറ്റുകളെ ഉൾപ്പെടുത്തി SDG സെൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയും Sustainable Dvelopment Goals കൈവരിക്കുന്നതിനു വേണ്ട സൂചകങ്ങൾ തയ്യാറാക്കുന്നതിനുമായി Central Plan Monitoring Unit ഉം Kerala Institute of Local Administration ഉം ചേർന്ന് ബന്ധപ്പെട്ട വകുപ്പുകളിലെ ഓഫീസർമാരെ ഉൾപ്പെടുത്തി 16.02.2018 ൽ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ ചർച്ചകൾ, ശില്പശാലകൾ, സെമിനാറുകൾ തുടങ്ങിയവ നടത്തി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ കർമ്മപദ്ധതിക്ക് രൂപം നല്കി വരുന്നു.

സെക്ഷൻ ഓഫീസർ